# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.108          **07.06.2018** -ലെ മറുപടിയ്ക്ക്

### അക്കാദമിക ഗവേഷണ രംഗത്തെ പ്രതിസന്ധി

*ചോദ്യം*

ശ്രീ. കെ . കൃഷ്ണൻകുട്ടി

ശ്രീ. സി. കെ. നാണു

ശ്രീ കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ബി. ഗണേഷ് കുമാർ

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്

(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ പി. എച്ച്. ഡി. ലഭിക്കുന്നതിനുള്ള ഗവേഷണവുമായി ബന്ധപ്പെട്ട് യു. ജി. സി. മാനദണ്ഡം അനുസരിച്ചുള്ള ഗൈഡുമാരുടെ കുറവ് അക്കാദമിക് ഗവേഷണ രംഗം മരവിപ്പിലാകാൻ കാരണമായിട്ടുണ്ടെന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | 2016 ലെ യു. ജി. സി. യുടെ പുതുക്കിയ മാനദണ്ഡം അനുസരിച്ച് ഗൈഡുമാരുടെ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്. |
| (ബി) | ഈ പ്രതിസന്ധി ഉണ്ടാകാൻ കാരണമായ ഗവേഷണ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | I) വിരമിച്ച അധ്യാപകർക്ക് ഗവേഷണ മേൽനോട്ടം അനുവദനീയമല്ല. (കേരളത്തിലെ സർവ്വകലാശാല അധ്യാപകരുടെ വിരമിക്കൽ പ്രായം 60 ഉം കോളേജ് അധ്യാപകരുടെ വിരമിക്കൽ പ്രായം 56 മാണ്. ആയതിനാൽ കേരളത്തിലെ സർവ്വകലാശാലകളിലാണ് ഈ മേഖലയിൽ കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടത്.)<br><br>II) ഫുൾ ടൈം റെഗുലർ അദ്ധ്യാപകർക്ക് മാത്രമേ റിസർച്ച് ഗൈഡായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.<br><br>III) യൂണിവേഴ്സിറ്റിയ്ക്ക് കീഴിലുള്ള അധ്യാപകർക്ക് മാത്രമേ റിസർച്ച് ഗൈഡായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | IV) ഒരു റിസർച്ച് സൂപ്പർവൈസർ പ്രൊഫസർ ആണെങ്കിൽ അദ്ദേഹത്തിന് 8 വിദ്യാർത്ഥികളേയും, അസോസിയേറ്റ് പ്രൊഫസറിന് 6 വിദ്യാർത്ഥികളേയും, അസിസ്റ്റന്റ് പ്രൊഫസറിന് 4 വിദ്യാർത്ഥികളേയും മാത്രമേ ഗവേഷണത്തിനായി തെരഞ്ഞെടുക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇതു മൂലം ഏതൊക്കെ സർവകലാശാലകളാണ് രൂക്ഷമായ പ്രതിസന്ധി നേരിടുന്നത്; ഇത് സംബന്ധിച്ച് ഗവേഷകരുടെ ആശങ്ക പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | എല്ലാ സർവ്വകലാശാലകളെയും ഇത് പൊതുവിൽ ബാധിച്ചിട്ടുണ്ട്.<br><br>വിരമിച്ച അധ്യാപകരുടെ കീഴിലുള്ള ഗവേഷകരെ മറ്റുള്ള ഗൈഡ്-മാരുടെ മേൽനോട്ടത്തിലേയ്ക്ക് മാറ്റിയും സൂപ്പർ ആന്യുവേഷനിലുള്ള അധ്യാപകർക്ക് ഒരു വർഷം കൂടി മേൽനോട്ട ചുമതല നീട്ടി നൽകിയും പ്രതിസന്ധിക്ക് തത്കാലിക പരിഹാരം കണ്ടിട്ടുണ്ട്. യു.ജി.സി. മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ സർവ്വകലാശാലകൾക്ക് കഴിയുകയില്ല. ഇക്കാര്യത്തിൽ ഇടപെടുന്നതിന് സർക്കാരിനും പരിമിതിയുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ